## കാലിക്കറ്റ് സർവകലാശാല
## സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ

86509/SDE-C-ASST-3/2017/Admn (I)

12.07.2019

**അറിയിപ്പ്**

വിദൂര വിദ്യാഭ്യാസ വിഭാഗം മുഖേന 2017ൽ പ്രവേശനം നേടിയ യു.ജി അഞ്ചും ആറും സെമസ്റ്റർ (മൂന്നാം വർഷം) വിദ്യാർഥികൾ ട്യൂഷൻ ഫീ ഓൺലൈനായി മാത്രം അടവാക്കേണ്ടതാണ്. ട്യൂഷൻ ഫീ പിഴ കൂടാതെ ഓൺലൈനായി അടയ്ക്കേണ്ട അവസാന തീയതി 30.07.2019, 100 രൂപ പിഴയോട് കൂടി അടയ്ക്കേണ്ട അവസാന തീയതി 09.08.2019. ഫീസടച്ച ശേഷം ഓൺലൈൻ രജിസ്ട്രേഷൻ എന്ന ലിങ്കിൽ കൊടുത്ത ട്യൂഷൻ ഫീ അപേക്ഷ ഫോം ഓൺ ലൈൻ ആയി പൂരിപ്പിച്ച് അപേക്ഷയുടെ പ്രിന്റൗട്ടും ചലാനും വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ് . അപേക്ഷ ലഭിയ്ക്കേണ്ട അവസാന തീയതി 17.08.2019.

| ബി.എ, ബി .എസ് .സി, ബി.കോം, ബി .ബി.എ (സി.യു.സി.ബി.സി.എസ് .എസ് ) | |
|---|---|
| **കോഴ്സ്** | **ട്യൂഷൻ ഫീ** |
| ബി.എ (ഓപ്പൺ ) | ₹1545/- |
| ബി.എ (റഗുലർ ) | ₹1545/- |
| ബി.കോം (ഓപ്പൺ ) | ₹1765/- |
| ബി.കോം (റഗുലർ ) | ₹1765/- |
| ബി .എസ് .സി | ₹1765/- |
| ബി .ബി .എ | ₹3310/- |

ട്യൂഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അടുത്ത സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതല്ല.

യു.ജി. മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾക്ക് 2018-19 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളവർ മാത്രമേ അഞ്ചും ആറും സെമസ്റ്റർ ട്യൂഷൻ ഫീ അടയ്ക്കേണ്ടതുള്ളൂ. ഈ വിദ്യാർത്ഥികൾക്ക് മാത്രമേ അടുത്ത സെമസ്റ്ററിലേയ്ക്ക് പ്രമോഷൻ അനുവദിക്കുകയുള്ളൂ. യു.ജി നാലാം സെമസ്റ്റർ പരീക്ഷകൾക്ക് അപേക്ഷിച്ചിട്ടില്ലാത്തവർ 2019 വർഷത്തിലെ നാലാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ് രണ്ട് ആഴ്ചയ്ക്കകം ടോക്കൺ രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ് .

**ടോക്കൺ രജിസ്ട്രേഷൻ**

2019 ലെ യു.ജി നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടില്ലാത്തവർ യു.ജി അഞ്ചാം സെമസ്റ്ററിലേക്കുള്ള പ്രമോഷന് അർഹരല്ല. അങ്ങനെയുള്ളവർ ടോക്കൺ രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്

ഫീസ് അടയ്ക്കുന്നതിനുള്ള നിർദേശങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ് (www.universityofcalicut.info > pareekshabhavan >revised fee structure). പരീക്ഷ രജിസ്ട്രേഷൻ, ടൈംടേബിൾ തുടങ്ങിയ അറിയിപ്പിന് വ്യക്തിഗത നോട്ടീസുകൾ അയയ്ക്കുന്നതല്ല.

കേരളത്തിലെ പട്ടിക ജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി, കാഴ്ച പരിമിതർ എന്നീ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ, 2017-18 വർഷത്തിൽ (ഒന്നും രണ്ടും സെമസ്റ്ററിൽ) വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഫീസിളവിന് അപേക്ഷ സമർപ്പിച്ചവർക്ക് ഫീസാനുകൂല്യം ലഭിക്കുന്നതാണ്. ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർ ഫീസ് ആനുകൂല്യത്തിന് അർഹരല്ല

**ഫോൺ:0494-2400288, 2407494, 2407356**

Geetha M.P.
Joint Registrar

**Joint Registrar**
School of Distance Education
**University of Calicut**

12-07-19